LIBRARY ARCHIVES Kerala Legislative Assembly

പുതിയ താലൂക്കുകളിലെ മജിസ്ട്രേറ്റ് കോടതി

31 (1853) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അനുവദിച്ച എല്ലാ പുതിയ താലൂക്കുകളിലും മജിസ്ട്രേറ്റ് കോടതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ താലൂക്കുകളിൽ അനുവദിച്ചിട്ടുണ്ടെന്നും അനുവദിക്കാനുള്ള താലൂക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) അനുവദിക്കാനുള്ള താലൂക്കുകളിൽ അതിനായുള്ള സർക്കാർ നടപടികൾ നിലവിലുണ്ടെങ്കിൽ അതിന്റെ പുരോഗതിയും, എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മജിസ്ട്രേറ്റ് കോടതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ.ഉ.(സാധാ) നമ്പർ 1919/2009/ആഭ്യന്തരം തീയതി 6-7-2009 എന്ന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കോടതികൾ ആരംഭിക്കുന്നതിനുള്ള ഒരു പരിഗണന പട്ടിക ഇപ്പോൾ നിലവിലുണ്ട്. പുതിയ കോടതികൾ ആരംഭിക്കുന്നതിന് അവയെ പരിഗണന പട്ടികയിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മാത്രമേ സാധ്യമാവുകയുള്ളൂ.

ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പുകൾക്കായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

32 (1854) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:-

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പുകൾക്ക് കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഓരോ പദ്ധതിക്കുമായി എത്ര കോടി വീതം വകയിരുത്തപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയ്ക്ക് ഓരോന്നിനുമായി എത്ര കോടി വീതം അനുവദിക്കപ്പെട്ടു ; എത്ര കോടി വീതം പിൻവലിക്കപ്പെടാതെ ട്രഷറിയിൽ അവശേഷിച്ചു ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികളിൽ ഏതെങ്കിലും ഇതുവരെയും പൂർത്തിയാക്കാത്തതായുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി)

ശാസ്ത്ര സാങ്കേതിക വകുപ്പ് : (തുക ലക്ഷത്തിൽ)

പദ്ധതി	വിഹിതം	അനുവദിച്ചത്	സറണ്ടർ ചെയ്തത്
കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി	500	500	33.34
സയൻസ് സിറ്റി	100	100	83.34
സാങ്കേതിക വിദ്യ കൈമാറ്റവും റോഡ് മാപ്പ് തയ്യാറാക്കലും നിർവ്വഹണവും	350	250	308
കുട്ടികൾക്കായുള്ള ശാസ്ത്ര നഗരം, കളമശ്ശേരി	0.01	Nil	Nil
ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, പാമ്പാടി	0.01	Nil	Nil

പരിസ്ഥിതി വകുപ്പ് :

പദ്ധതി	വിഹിതം	അനുവദിച്ചത്	സറണ്ടർ ചെയ്തത്
നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി	1005	1005	Nil

2013-14-ൽ മേൽ വകുപ്പുകൾക്ക് കീഴിലുള്ള മറ്റു പദ്ധതികൾ മുൻവർഷങ്ങളിൽ നിന്നും തുടർന്നുവന്നവയാണ്.

(സി) ഈ പദ്ധതികളെല്ലാം നടപ്പിലാക്കിവരികയാണ്.